# Prime Minister Shri Narendra Modi delivers Keynote Address at The Sydney Dialogue

November 18, 2021

---

**"ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശക്തി സുതാര്യമായ മനസ്സാണ്, അതേ സമയം, ഈ സുതാര്യമായ മനസ്സിനെ ദുരുപയോഗം ചെയ്യാൻ കുറച്ച് നിക്ഷിപ്ത താൽപ്പര്യങ്ങളെ നാം അനുവദിക്കരുത്"**

**""ഇന്ത്യയുടെ ഡിജിറ്റൽ വിപ്ലവം നമ്മുടെ ജനാധിപത്യത്തിലും നമ്മുടെ ജനസംഖ്യാശാസ്ത്രത്തിലും നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ തോതിലും അടിയുറച്ചതാണ്**

**"ജനങ്ങളുടെ ശാക്തീകരണത്തിന്റെ ഉറവിടമായി ഞങ്ങൾ ഡാറ്റ ഉപയോഗിക്കുന്നു. വ്യക്തിഗത അവകാശങ്ങളുടെ ശക്തമായ ഉറപ്പുകളുള്ള ഒരു ജനാധിപത്യ ചട്ടക്കൂടിൽ ഇത് ചെയ്യുന്നതിൽ ഇന്ത്യക്ക് സമാനതകളില്ലാത്ത അനുഭവമുണ്ട്"**

**"ഇന്ത്യയുടെ ജനാധിപത്യ പാരമ്പര്യങ്ങൾ പഴയതാണ്; അതിന്റെ ആധുനിക ഘടനകൾ ശക്തമാണ്. കൂടാതെ, ഞങ്ങൾ എല്ലായ്പ്പോഴും ലോകത്തെ സമാന കുടുംബമായി വിശ്വസിക്കുന്നു"**

**ദേശീയ അവകാശങ്ങൾ അംഗീകരിക്കുകയും അതേ സമയം വ്യാപാരം, നിക്ഷേപം, പൊതുനന്മ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ജനാധിപത്യ രാജ്യങ്ങൾക്ക് ഒരുമിച്ച് പ്രവർത്തിക്കാനുള്ള ഒരു റോഡ്മാപ്പ് നൽകുന്നു**

**"എല്ലാ ജനാധിപത്യ രാഷ്ട്രങ്ങളും ക്രിപ്റ്റോ-കറൻസിയിൽ ഒരുമിച്ച് പ്രവർത്തിക്കുകയും അത് നമ്മുടെ യുവാക്കളെ നശോന്മുഖമായ തെറ്റായ കൈകളിൽ എത്താതിരിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്"**

ഇന്ന് നടന്ന വീഡിയോ കോൺഫറൻസിംഗിലൂടെ സിഡ്നി ഡയലോഗിന്റെ ഉദ്ഘാടനവേളയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യയുടെ സാങ്കേതിക പരിണാമവും വിപ്ലവവും എന്ന വിഷയത്തിൽ ശ്രീ മോദി സംസാരിച്ചു. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ശ്രീ. സ്കോട്ട് മോറിസന്റെ ആമുഖ പരാമർശങ്ങളോടെയാണ് പ്രസംഗം നടന്നത്.

ഇന്തോ പസഫിക് മേഖലയിലും ഉയർന്നുവരുന്ന ഡിജിറ്റൽ ലോകത്തും ഇന്ത്യയുടെ കേന്ദ്രീകൃതമായ പങ്കിനുള്ള അംഗീകാരം പ്രധാനമന്ത്രി ശ്രീ മോദി ചൂണ്ടിക്കാട്ടി. ഡിജിറ്റൽ യുഗത്തിന്റെ നേട്ടങ്ങൾ നിരീക്ഷിച്ചു കൊണ്ട്, കടൽത്തീരത്ത് നിന്ന് സൈബർ മുതൽ ബഹിരാകാശം വരെയുള്ള വൈവിധ്യമാർന്ന ഭീഷണികളിലുടനീളം ലോകം പുതിയ അപകടങ്ങളെയും പുതിയ സംഘട്ടനങ്ങളെയും അഭിമുഖീകരിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. "ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശക്തി സുതാര്യമായ മനസ്സാണ്. അതേ സമയം, ഈ തുറന്നുപറച്ചിൽ ദുരുപയോഗം ചെയ്യാൻ കുറച്ച് സ്ഥാപിത താൽപ്പര്യക്കാരെ അനുവദിക്കരുത്", പ്രധാനമന്ത്രി പറഞ്ഞു.

ഒരു ജനാധിപത്യ രാജ്യമെന്ന നിലയിലും ഡിജിറ്റൽ നേതൃത്വം വഹിക്കുന്നവർ എന്നാ നിലയിലും, പങ്കുവയ്ക്കപ്പെടുന്ന സമൃദ്ധിക്കും സുരക്ഷിതത്വത്തിനുമായി പങ്കാളികളായി പ്രവർത്തിക്കാൻ ഇന്ത്യ തയ്യാറാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. "ഇന്ത്യയുടെ ഡിജിറ്റൽ വിപ്ലവം നമ്മുടെ ജനാധിപത്യത്തിലും, നമ്മുടെ ജനസംഖ്യാശാസ്ത്രത്തിലും, നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ അളവിലും അടിയുറച്ചതാണ്. അത് നമ്മുടെ യുവാക്കളുടെ സംരംഭങ്ങളും നവീകരണവും കൊണ്ട് ഊർജിതമാണ്. കഴിഞ്ഞകാലത്തെ വെല്ലുവിളികളെ ഞങ്ങൾ ഭാവിയിലേക്ക് കുതിക്കാനുള്ള അവസരമാക്കി മാറ്റുകയാണ്"

ഇന്ത്യയിൽ നടക്കുന്ന അഞ്ച് സുപ്രധാന പരിവർത്തനങ്ങൾ പ്രധാനമന്ത്രി പട്ടികപ്പെടുത്തി. ഒന്ന്, ലോകത്തിലെ ഏറ്റവും വിപുലമായ പബ്ലിക് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ ഇന്ത്യയിൽ നിർമ്മിക്കപ്പെടുന്നു. 1.3 ബില്യണിലധികം ഇന്ത്യക്കാർക്ക് സവിശേഷമായ ഡിജിറ്റൽ ഐഡന്റിറ്റി ഉണ്ട്, ആറ് ലക്ഷം ഗ്രാമങ്ങൾ ഉടൻ തന്നെ ബ്രോഡ്ബാൻഡുമായും ലോകത്തിലെ ഏറ്റവും കാര്യക്ഷമമായ പേയ്മെന്റ് ഇൻഫ്രാസ്ട്രക്ചറായ യുപിഐയുമായും ബന്ധിപ്പിക്കുപ്പെടുന്നതാണ്. രണ്ടാമത്തേത്, ഭരണം, ഏകോപനം, ശാക്തീകരണം, കണക്റ്റിവിറ്റി, ആനുകൂല്യങ്ങളുടെ വിതരണം, ക്ഷേമം എന്നിവയ്ക്കായി ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം.മൂന്ന്, ലോകത്തിലെ മൂന്നാമത്തെ വലുതും അതിവേഗം വളരുന്നതുമായ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റമാണ് ഇന്ത്യക്കുള്ളത്. നാല്, ഇന്ത്യയുടെ വ്യവസായ, സേവന മേഖലകൾ, കൃഷി എന്നിവ വലിയ ഡിജിറ്റൽ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അഞ്ച്, ഭാവിയിലേക്ക് ഇന്ത്യയെ സജ്ജരാക്കാൻ വലിയൊരു ശ്രമമാണ് നടകുന്നത്. 5G, 6G തുടങ്ങിയ ടെലികോം സാങ്കേതികവിദ്യയിൽ തദ്ദേശീയമായ കഴിവുകൾ വികസിപ്പിക്കുന്നതിനാണ് ഞങ്ങൾ നിക്ഷേപം നടത്തുന്നത്.ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് എന്നിവയിൽ, പ്രത്യേകിച്ച് മനുഷ്യ കേന്ദ്രീകൃതവും ഉചിതവുമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഉപയോഗത്തിൽ ഇന്ത്യ മുൻനിര രാജ്യങ്ങളിലൊന്നാണ്. ക്ലൗഡ്

പ്ലാറ്റ്‌ഫോമുകളിലും ക്ലൗഡ് കമ്പ്യൂട്ടിംഗിലും ഞങ്ങൾ ശക്തമായ കഴിവുകൾ വികസിപ്പിക്കുകയാണ്," അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയുടെ പ്രതിരോധശേഷിയെക്കുറിച്ചും ഡിജിറ്റൽ പരമാധികാരത്തെക്കുറിച്ചും സംസാരിച്ച പ്രധാനമന്ത്രി പറഞ്ഞു, "ഞങ്ങൾ ഹാർഡ്‌വെയറിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അർദ്ധചാലകങ്ങളുടെ ഒരു പ്രധാന നിർമ്മാതാവാകാൻ ഞങ്ങൾ ഇൻസെന്റീവുകളുടെ ഒരു പാക്കേജ് തയ്യാറാക്കുകയാണ്. ഇലക്ട്രോണിക്സ്, ടെലികോം എന്നിവയിലെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട ഇൻസെന്റീവ് പദ്ധതികൾ ഇന്ത്യയിൽ അടിസ്ഥാനമുറപ്പിക്കുന്നതിനായി പ്രാദേശികവും ആഗോളവുമായ തലങ്ങളിൽ നിന്നും ഇതിനകം തന്നെ ആകർഷിക്കുന്നുണ്ട്. ". ഡാറ്റ സംരക്ഷണം, സ്വകാര്യത, സുരക്ഷ എന്നിവയ്ക്കുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും അദ്ദേഹം ഉറപ്പിച്ചു. ഇതേ സമയം, ഡാറ്റ ഉറവിടങ്ങൾ ഞങ്ങളുടെ ആളുകളുടെ ഉന്നമനത്തിനായി ഉപയോഗിക്കുന്നു വ്യക്തിഗത അവകാശങ്ങളുടെ ശക്തമായ ഉറപ്പുകളുള്ള ഒരു ജനാധിപത്യ ചട്ടക്കൂടിൽ ഇങ്ങനെ ചെയ്യുന്നതിൽ ഇന്ത്യക്ക് സമാനതകളില്ലാത്ത അനുഭവ സമ്പത്താണുള്ളത് ," പ്രധാനമന്ത്രി പറഞ്ഞു.

Y2K പ്രശ്നത്തെ നേരിടുന്നതിൽ ഇന്ത്യയുടെ സംഭാവനയും ഓപ്പൺ സോഴ്‌സ് സോഫ്റ്റ്‌വെയറായി ലോകത്തിന് CoWin പ്ലാറ്റ്‌ഫോം വാഗ്ദാനം ചെയ്യുന്നതും ഇന്ത്യയുടെ മൂല്യങ്ങളുടെയും കാഴ്ചപ്പാടുകളുടെയും ഉദാഹരണങ്ങളാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. "ഇന്ത്യയുടെ ജനാധിപത്യ പാരമ്പര്യങ്ങൾ പഴയതാണ്; അതിന്റെ ആധുനിക ഘടനകൾ ശക്തമാണ്. കൂടാതെ, ഞങ്ങൾ എല്ലായ്പ്പോഴും ഒരു കുടുംബമായി തന്നെ ലോകത്തെ വിശ്വസിക്കുന്നു", അദ്ദേഹം പറഞ്ഞു.

പൊതുനന്മയ്ക്കായി സാങ്കേതികവിദ്യയും നയവും ഉപയോഗിക്കുന്നതിലും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിലും സാമൂഹിക ശാക്തീകരണത്തിലുമുള്ള ഇന്ത്യയുടെ വിപുലമായ അനുഭവം വികസ്വര രാജ്യങ്ങൾക്ക് വലിയ സഹായമാകുമെന്ന് ശ്രീ മോദി പറഞ്ഞു. "രാഷ്ട്രങ്ങളെയും അവരുടെ ജനങ്ങളെയും ശാക്തീകരിക്കുന്നതിനും ഈ നൂറ്റാണ്ടിലെ അവസരങ്ങൾക്കായി അവരെ തയ്യാറാക്കുന്നതിനും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം", അദ്ദേഹം അഭിപ്രായപ്പെട്ടു.

ജനാധിപത്യ രാജ്യങ്ങൾക്ക് ഒരുമിച്ച് ജനാധിപത്യ രാജ്യങ്ങൾക്ക് ഒരുമിച്ചു പ്രവർത്തിക്കാനുള്ള ഒരു റോഡ്മാപ്പ് നൽകിക്കൊണ്ട്, ഇനിപറയുന്നതിനായി സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിനായി ശ്രീ മോഡി ആഹ്വാനം ചെയ്തു "ഭാവിയിലെ സാങ്കേതികവിദ്യയിൽ ഗവേഷണത്തിലും വികസനത്തിലും ഒരുമിച്ച് നിക്ഷേപിക്കുന്നതിനു; വിശ്വസനീയമായ നിർമ്മാണ അടിത്തറയും വിശ്വസനീയമായ വിതരണ ശൃംഖലയും വികസിപ്പിക്കുന്നതിന്; സൈബർ സുരക്ഷയിൽ ഇന്റലിജൻസും

പ്രവർത്തന സഹകരണവും ആഴത്തിലാക്കാക്കുന്നതിന്, നിർണായകമായവിവരങ്ങളുടെ ഘടന സംരക്ഷിക്കുന്നതിനു; പൊതുജനാഭിപ്രായങ്ങളിൽ കൃത്രിമം കാണിക്കുന്നത് തടയുന്നതിന്; നമ്മുടെ ജനാധിപത്യ മൂല്യങ്ങളുമായി പൊരുത്തപ്പെടുന്ന സാങ്കേതികവും ഭരണപരവുമായ മാനദണ്ഡങ്ങളും നിബന്ധനകളും വികസിപ്പിക്കുന്നതിന്; കൂടാതെ, ഡാറ്റാ നിയന്ത്രണത്തിനും ഡാറ്റ പരിരക്ഷിക്കുകയും സുരക്ഷിതമാക്കുകയും ചെയ്യുന്ന ക്രോസ്-ബോർഡർ ഫ്ലോയ്ക്കായി മാനദണ്ഡങ്ങളും നിബന്ധനകളും സൃഷ്ടിക്കുന്നതിന് എന്നിവയാണ് അവ. ഉയർന്നുവരുന്ന ഫ്രെയിംവർക്ക് "ദേശീയ അവകാശങ്ങളും അംഗീകരിക്കുകയും, അതേ സമയം, വ്യാപാരം, നിക്ഷേപം, പൊതുനന്മ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്". എന്ന് അദ്ദേഹം പറഞ്ഞു.

ഈ സന്ദർഭത്തിൽ അദ്ദേഹം ക്രിപ്റ്റോ കറൻസിയുടെ ഉദാഹരണം ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു, "എല്ലാ ജനാധിപത്യ രാജ്യങ്ങളും ഇതിൽ ഒരുമിച്ച് പ്രവർത്തിക്കുകയും അത് നമ്മുടെ യുവാക്കളെ നശിപ്പിക്കുന്ന നാശോന്മുഖമായ കൈകളിൽ എത്താതിരിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്".

ന്യൂ ഡെൽഹി
നവംബർ 18, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.